മാതൃഭൂമി

1160 വൃശ്ചികം 20 ബുധൻ

ശകാബ്ദം 1906 ആഗ്രഹായണം 14--1405 റ. അവ്വൽ 11

അപവാദത്തിന്നും ദുഷ്പ്രചരണത്തിന്നും എതിരായ ഏറ്റവും നല്ല ആയുധം കർത്തവ്യ നിർവ്വഹണവും മൌനാവലംബവുമത്രെ. ശത്രുക്കൾ താനെ അടങ്ങിക്കൊള്ളും.

—ജോർജ് വാഷിംഗ്ടൺ

# ഭോപ്പാലിലെ വിഷവാതക ദുരന്തം

ഭോപ്പാലിൽ ഒരു കീടനാശിനി ഫാക്ടറിയിൽ നിന്നു ചോർന്നു പോയ വിഷവാതകം ശ്വസിയ്ക്കാൻ ഇടയായ അഞ്ഞൂറിലേറെ ആളുകൾക്ക് ജീവഹാനി നേരിട്ടു എന്ന വാർത്ത ആരിലും ഞെട്ടലുളവാക്കും. രണ്ടായിരത്തിലേറെ ആളുകൾ ചികിത്സയിൽ കഴിയുകയാണ്. അവരിൽ എത്ര പേർ പൂർണ്ണ സുഖം പ്രാപിയ്ക്കുമെന്നു ആർക്കും പറയാനാവില്ല. മരണത്തിൽ നിന്നു രക്ഷപ്പെട്ടവർക്കു തന്നെ മേലിൽ എന്തെങ്കിലും രോഗമുണ്ടാകുമോ എന്നതും അജ്ഞാതമാണ്. ഇതെല്ലാം കൂടി നോക്കുമ്പോൾ ആധുനിക ശാസ്ത്രത്തിന്റെ സംഹാരശക്തി കുറച്ചു മണിക്കൂറുകളെങ്കിലും അവിടെ താണ്ഡവമാടുകയായിരുന്നു എന്നു പറയാതെ വയ്യ. അതിനെ തടഞ്ഞു നിർത്താൻ കഴിയാതിരുന്നത് ചുമതലപ്പെട്ട ചിലരുടെ കുറ്റകരമായ അനാസ്ഥകൊണ്ടുതന്നെയാവണം.

ദുരിതാശ്വാസ നടപടികൾ തിരുതകൃതിയായി നടക്കുന്നുണ്ട് എന്നതു ശരിതന്നെ. അതുപോലെ അപകടത്തെക്കുറിച്ചു വിദഗ്ദ്ധന്മാർക്ക് പല വിശദീകരണങ്ങളും നൽകാൻ ഉണ്ടായിരിയ്ക്കും. അവയെ ചോദ്യം ചെയ്യാൻ വെറും കേട്ടുകേൾവിയുടെ അറിവ് മാത്രമുള്ള നമുക്ക് സാദ്ധ്യമല്ലെന്നും സമ്മതിയ്ക്കാം. എന്നിരുന്നാലും ഇത്തരം അത്യാപത്തുകളെക്കുറിച്ച് കേൾക്കുമ്പോൾ സാധാരണക്കാരുടെ മനസ്സിൽ ഉയരുന്ന പല ചോദ്യങ്ങളുമുണ്ട്. ഇത്രയും മാരകമായ വിഷവസ്തു ഉൽപ്പാദിപ്പിയ്ക്കുന്ന ഒരു ഫാക്ടറി ആളുകൾ തിങ്ങിപ്പാർക്കുന്ന സ്ഥലത്ത് തന്നെ സ്ഥാപിയ്ക്കേണ്ടിയിരുന്നുവോ എന്നതാണ് ആദ്യത്തെ ചോദ്യം. ലോകത്തിൽ ആകെ ഇത്തരം ഫാക്ടറികൾ രണ്ടെണ്ണമേ ഉള്ളുവത്രേ. അവയിൽ ഒന്നാണ് ഭോപ്പാലിലേത്. ഫാക്ടറി ഇപ്പോഴുള്ള സ്ഥലത്ത് ഉൽപ്പാദനം പുനരാരംഭിയ്ക്കുകയില്ലെന്ന് മദ്ധ്യപ്രദേശ് മുഖ്യമന്ത്രി അർജ്ജുൻസിങ്ങ് പറഞ്ഞതായി അറിയുന്നു. ഏതായാലും ഈ വൈകിവന്ന വിവേകം ജീവഹാനി നേരിട്ടവരുടെ കുടുംബാംഗങ്ങളെ ആശ്വസിപ്പിയ്ക്കാൻ പര്യാപ്തമാവുകയില്ലല്ലൊ.

അപകട സാദ്ധ്യത തടയാൻ ചില രക്ഷാ ഏർപ്പാടുകളെല്ലാം ഉണ്ടായിരുന്നു. പക്ഷെ അവ പ്രവർത്തിച്ചില്ല എന്നും റിപ്പോർട്ടുകളിൽ കാണുന്നു. അത് മനസ്സിലാക്കാൻ വിഷമമില്ല. സജ്ജീകരണങ്ങൾ എന്തുതന്നെയായാലും ശരി, മനുഷ്യർക്കല്ലാതെ യന്ത്രങ്ങൾക്ക് ജാഗരൂകത പുലർത്താനറിവില്ലല്ലൊ. അവയ്ക്കും പഴക്കവും തുരുമ്പുപിടിയ്ക്കലുമൊക്കെ സംഭവിയ്ക്കാം. യഥാസമയം അതൊക്കെ പരിശോധിയ്ക്കാൻ ചുമതലപ്പെട്ടവർ അലസത കാട്ടിയെന്നും വരാം. രക്ഷാഏർപ്പാടുകൾ എന്തുകൊണ്ട് പ്രവർത്തിച്ചില്ല എന്നതിനെക്കുറിച്ച് ഒരു വിശദീകരണം നൽകാൻ പോലും അവയുടെ മേൽനോട്ടം വഹിയ്ക്കുന്നവർക്ക് കഴിഞ്ഞതായി കാണുന്നില്ല.

ഒന്നിന്നു പിറകെ മറ്റൊന്നായി ദുരന്തങ്ങളുടെ ഒരു ഘോഷയാത്ര തന്നെയാണ് ഈ നാട്ടിൽ നടക്കുന്നതെന്നു തോന്നുന്നു. അവയിലെല്ലാം ചുമതലപ്പെട്ടവരുടെ കഴിവുകേടുകൾക്കും അലസതയ്ക്കുമുള്ള പങ്ക് വളരെ വലുതാണ്. ഇതെല്ലാം കണ്ടും കേട്ടും സഹിച്ചു കഴിയുന്ന ബഹുജനങ്ങൾക്ക് മറ്റുള്ളവരുടെ ദു:ഖങ്ങളിൽ മൂകമായി പങ്കുകൊള്ളാനല്ലാതെ എന്തു ചെയ്യാനാവും?